പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3059

28.1.2014- ൽ
മറുപടിക്ക്

# അന്തർദേശീയ കയർപ്രദർശന വിതരണകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ:<br>,, പാലോട് രവി:<br>,, ജോസഫ് വാഴക്കൻ:<br>,, പി.എ.മാധവൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്തർദേശീയ കയർ പ്രദർശന വിപണന കേന്ദ്രം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL (സിയാൽ) മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിന് 2013-14 ലെ ബഡ്ജറ്റിൽ 'ടോക്കൺ പ്രൊവിഷൻ' ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) കേരളത്തിലെ കയറിന്റെയും കയറുൽപന്നങ്ങളുടെയും പ്രത്യേകതകൾ വിദേശ രാജ്യങ്ങൾക്ക് ഉൾപ്പെടെ പരിചയപ്പെടുത്താനും കൂടുതൽ വിപണന സാദ്ധ്യതകൾ സൃഷ്ടിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| സി) കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | സി) ഇതിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) ഇതിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ